**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 119** **12-01-2021 - ൽ മറുപടിയ്ക്ക്**

**ദുരഭിമാനക്കൊല സംബന്ധിച്ച് നിയമനിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . സി. മമ്മൂട്ടി ,<br>ശ്രീ. പി കെ അബ്ദു റബ്ബ് ,<br>ശ്രീ .പി. കെ. ബഷീർ ,<br>ശ്രീ. കെ എം ഷാജി | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | പാലക്കാട് തേങ്കുറിശ്ശിയിൽ അനീഷ് എന്ന യുവാവ് വെട്ടേറ്റ് മരിച്ച സംഭവം ദുരഭിമാനക്കൊലയാണെന്ന് പോലീസ് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; | (എ) | പാലക്കാട് തേങ്കുറിശ്ശിയിൽ അനീഷ് എന്ന യുവാവ് വെട്ടേറ്റ് മരിച്ച സംഭവത്തിന് കുഴൽമന്ദം പി. എസ്. ക്രൈം. നം. 924/2020 U/s 302 r/w 34 IPC ആയി കേസ് രജിസ്റ്റർ ചെയ്ത് ടി കേസിലെ പ്രതികളായ സുരേഷ് കുമാറിനെയും പ്രഭുകുമാറിനെയും അറസ്റ്റ് ചെയ്തിട്ടുള്ളതാണ്. പാലക്കാട് ജില്ലാ പോലീസ് മേധാവിയുടെ ഉത്തരവ് പ്രകാരം പാലക്കാട് സി-ബ്രാഞ്ച് യൂണിറ്റ് മേൽ കേസ് ഏറ്റെടുത്ത് അന്വേഷണം നടത്തി വരുന്നു. ഇതിന്മേൽ കൂടുതൽ തെളിവുകൾ ശേഖരിച്ച് അന്വേഷണം നടത്തേണ്ടതായുണ്ട്. ആയതിനുശേഷം മാത്രമേ ദുരഭിമാനം മൂലമുള്ള കൊലപാതകമാണോ എന്ന അന്തിമ നിഗമനത്തിൽ എത്താൻ സാധിക്കുകയുള്ളൂ. |
| (ബി) | ഇത്തരം സംഭവങ്ങളിൽ കടുത്ത ശിക്ഷ ഉറപ്പാക്കുന്നതിന് നിയമ നിർമ്മാണം ആവശ്യമാണെന്ന് സർക്കാർ കരുതുന്നുണ്ടോ; വിശദാംശം നൽകുമോ? | (ബി) | ഇത്തരം കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്കെതിരേ കേസുകൾ രജിസ്റ്റർ ചെയ്ത് പഴുതടച്ചുള്ള ശാസ്ത്രീയമായ അന്വേഷണം നടത്തി തെളിവുകൾ ശേഖരിച്ച് യഥാസമയം തന്നെ കുറ്റപത്രം കോടതിയിൽ സമർപ്പിച്ച് കുറ്റവാളികൾക്കെതിരേ ബഹു. കോടതികളിൽ നിന്ന് കടുത്ത ശിക്ഷ നൽകുന്നതിനുള്ള നടപടികൾ പോലീസ് സ്വീകരിച്ചു വരുന്നതിനാൽ പ്രത്യേക നിയമനിർമ്മാണം നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ